## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2340 | 13.2.2013 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹനവകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം**

ചോദ്യം
ശ്രീ. ചിറ്റയം ഗോപകുമാർ:

ഉത്തരം
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹനവകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കമോ; | (എ) | ഉണ്ട് .<br>തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ മേഖലാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസിൽ പോസ്റ്റ് ചെയ്തിരിക്കുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ് ) കീഴിലാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. ഇവരുടെ പ്രവർത്തനങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ(എൻഫോഴ്സ്മെന്റ് )ക്കു പുറമേ അതതു ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറും (എൻഫോഴ്സ്മെന്റ് വിഭാഗം ) ട്രാൻസ്പോർട്ട് കമ്മീഷണറും സമയാസമയങ്ങളിൽ വിലയിരുത്താറുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചപ്പോൾ പുതുതായി നിയമനം നല്കിയ എ.എം.വി.ഐ. മാരിൽ 36 പേരുടെ പരിശീലനം പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്നുവരുന്നു. ഇവരുടെ പരിശീലനം കഴിയുന്ന മുറയ്ക്ക് കൂടുതൽ വിപുലമായ രീതിയിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് പ്രവർത്തിക്കാൻ കഴിയുന്നതാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുകയുടെ റവന്യൂ | (ബി) | പുതുതായി അനുവദിച്ച എൻഫോഴ്സ്മെന്റ് വിങ്ങിന്റെ പ്രവർത്തനം തുടങ്ങിയത് മുതൽ |

| | | | |
|---|---|---|---|
| | വരുമാനമാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് പിരിച്ചെടുത്തിട്ടുളളത് എന്നറിയിക്കുമോ; | | ഇതുവരെ 8,18,29,771/- രൂപ (എട്ട് കോടി പതിനെട്ട് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി എഴുപത്തി ഒന്ന്) പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) | സബ് ആർ.ടി. ഒ. ഓഫീസുകളിൽക്കൂടി അനുബന്ധ സ്ക്വാഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | താഴെ പറയുന്ന സബ് ആർ. ടി. ഓഫീസുകളിൽ ഇപ്പോൾ തന്നെ അനുബന്ധ സ്ക്വാഡിന്റെ പ്രവർത്തനം ലഭ്യമാണ്.<br>പാറശ്ശാല, നെയ്യാറ്റിൻകര , കഴക്കൂട്ടം, നെടുമങ്ങാട്,പുനലൂർ, കൊട്ടാരക്കര, കുന്നത്തൂർ, കരുനാഗപ്പള്ളി,റാന്നി, അടൂർ, തിരുവല്ല, മല്ലപ്പള്ളി,ചേർത്തല, ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം,ചങ്ങനാശ്ശേരി, വൈക്കം, പാല, കാഞ്ഞിരപ്പള്ളി,വണ്ടിപ്പെരിയാർ, തൊടുപുഴ,തൃപ്പൂണിത്തുറ, വടക്കൻ പറവൂർ, മട്ടാഞ്ചേരി, ആലുവ, അങ്കമാലി, കോതമംഗലം,പെരുമ്പാവൂർ,വടക്കാഞ്ചേരി, ഗുരുവായൂർ, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ചാലക്കുടി,ആലത്തൂർ, പട്ടാമ്പി, ഒറ്റപ്പാലം, മണ്ണാർക്കാട്, പൊന്നാനി, പെരിന്തൽമണ്ണ, തിരൂരങ്ങാടി, തിരൂർ, കൊടുവള്ളി, കൊയിലാണ്ടി, തലശ്ശേരി, തളിപ്പറമ്പ് കാഞ്ഞങ്ങാട്. |

**സെക്ഷൻ ഓഫീസർ**